പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1755 — 01/11/2019 -ൽ മറുപടിക്ക്

## ചൊക്ലി ഗവ. കോളേജിൽ കിഫ്ബി പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എ. എൻ. ഷംസീർ** | | **ഡോ.കെ.ടി.ജലീൽ ( ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി)** |
| (എ) തലശ്ശേരി മണ്ഡലത്തിലെ ചൊക്ലി ഗവ. കോളേജിന്റെ സമഗ്ര പുരോഗതി ലക്ഷ്യം വച്ച് കിഫ്ബിയിൽ നിന്നും ഫണ്ട് അനുവദിച്ചിരുന്നെങ്കിലും നിർമ്മാണ പ്രവൃത്തികൾ ഇതുവരെയും ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന വ്യക്തമാക്കാമോ;<br><br>(ബി) പ്രസ്തുത നിർമ്മാണപ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ ആണ് ബാക്കിയെന്ന് വിശദമാക്കുമോ; ആയത് ദ്രുതഗതിയിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) & (ബി) | തലശ്ശേരി മണ്ഡലത്തിലെ ചൊക്ലി ഗവൺമെന്റ് കോളേജിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതിക്ക് കിഫ്ബി 9.043 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുള്ളതും പദ്ധതിയിൽ സമയ ബന്ധിതമായി നടപ്പിലാക്കുന്നതിന് SPV ആയി KITE (Kerala infrastructure and Technology for Education നെ ചുമതലപ്പെടുത്തി യിട്ടുള്ളതുമാണ്. ഈ പദ്ധതിയുടെ ടെൻഡർ ഇവാല്യൂവേഷൻ KITE മുഖേന നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ